# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5212   26.03.2018 ൽ മറുപടിക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിൽ മുടങ്ങിക്കിടക്കുന്ന പൊതുമരാമത്ത് പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. ഉണ്ണി | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഭരണാനുമതി ഉണ്ടായിട്ടും സ്ഥലമെടുപ്പ് നടപടികളുടെ കാലതാമസം കാരണത്താലും മറ്റ് സാങ്കേതിക കാരണങ്ങളാലും മുടങ്ങിക്കിടക്കുന്ന എത്ര പൊതുമരാമത്ത് പദ്ധതികൾ ഒറ്റപ്പാലം നിയോജകമണ്ഡലത്തിലുണ്ട് എന്ന് വ്യക്തമാക്കാമോ; | എ) ഭരണാനുമതി ഉണ്ടായിട്ടും സ്ഥലമെടുപ്പ് നടപടികളുടെ കാലതാമസം കാരണത്താലും മറ്റ് സാങ്കേതിക കാരണങ്ങളാലും കെട്ടിടവിഭാഗത്തിൽ 7 പദ്ധതികളും നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ഒരു പദ്ധതിയുമാണ് മുടങ്ങികിടക്കുന്നത്. |
| ബി) ഓരോ പദ്ധതിയുടേയും വിശദാംശവും നിലവിലെ തടസ്സങ്ങൾ നീക്കി നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശവും ലഭ്യമാക്കാമോ? | ബി) കെട്ടിടവിഭാഗത്തിൽ മുടങ്ങികിടക്കുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.<br><br>നിരത്തുകളും പാലങ്ങളും വിഭാഗത്തിനു കീഴിൽ പാലപ്പുറം - കുതിരവഴി റോഡ് നിർമ്മാണവും മുളഞ്ഞൂർ തോടിനു കുറുകെ പാലം നിർമ്മാണത്തിനായി 2015-16 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി 400ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലത്തിന്റെ അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം സ്ഥലമുടമകളിൽ നിന്ന് സൗജന്യമായി ലഭ്യമാക്കാമെന്നാണ് ജനപ്രതിനിധികൾ അറിയിച്ചിട്ടുള്ളത്. ആയതിന് സ്ഥലമുടമകളുടെ യോഗം ചേരുകയും ചെയ്തു. ഫ്രീ സറണ്ടർ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ സാങ്കേതികാനുമതിക്കായി ഡി പി ആർ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. 2016-17 ബഡ്ജറ്റിൽ അനുവദിച്ച ഒറ്റപ്പാലം ബൈപ്പാസ് പദ്ധതിയുടെ എസ് പി വി ആയി ആർ ബി ഡി സി കെ യെ ആണ് ചുമതലപ്പെടുത്തിയിരുന്നത്. 79.42 കോടി രൂപയുടെ ഡി പി ആർ 26.02.2018ൽ കിഫ്ബി യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി അംഗീകാരം ലഭിച്ചാൽ സ്ഥലമെടുപ്പ് നടപടി ആരംഭിക്കുന്നതാണ്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

ഭരണാനുമതി ലഭിച്ചിട്ടും മററ് സാങ്കേതിക കാരണങ്ങളാൽ മുടങ്ങി കിടക്കുന്ന ഒററപ്പാലം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികളുടെ വിശദവിവരങ്ങൾ

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ശീർഷകം | എസ്റ്റിമേററ് തുക | ഭരണാനുമതി നമ്പറും തുകയും | പ്രവൃത്തിയുടെ പുരോഗതി |
|---|---|---|---|---|---|
| 1 | ജുഡീഷ്യൽ ഓഫീസർമാരുടെ ഫ്ളാററ് നിർമ്മാണം ഒററപ്പാലം. | 4059-01-51 | 100 L | GO(Rt) No. 1184/2009/PWD dated 14.8.2009 for Rs. 100 L | സ്ഥലം ലഭ്യമാക്കുന്നതിനായി ജില്ലാ ജഡ്ജിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| 2 | കോടതി സമുച്ചയം ഒററപ്പാലം. | 4059-60-051 | 925 L | GO(Rt) No. 565/2012/PWD dated 31.03.2012 for Rs. 925 L | വിശദമായ പ്ലാൻ ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇത് അംഗീകരിച്ച് കിട്ടിയതിനു ശേഷം എസ്റ്റിമേററ് തയ്യാറാക്കുന്നതാണ്. |
| 3 | ഒററപ്പാലം ബധിര മൂക സ്കൂളിന്റെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തി. | 4202-01-202-99 | 500 L | GO(Rt) No. 834/2011/PWD dated 24.06.2011 for Rs. 500 L | സ്ഥലം വിട്ടു കിട്ടുന്നതിനു വേണ്ടി 31.12.2016 ന് കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്റ്റ്, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിന് കത്ത് നൽകിയിട്ടുണ്ട്. |
| 4 | ശ്രീകൃഷ്ണപുരം വെററിനറി ആശുപത്രി നിർമ്മാണ പ്രവൃത്തി. | 4403-101-99-P | 62.50 L | GO(Rt) No.2082/2015/AD dated Tvm 18.5.2015 for Rs. 62.50 L | 17.01.2018 ൽ ഭരണാനുമതി പുതുക്കി ലഭിക്കുന്നതിനു വേണ്ടി കത്ത് നൽകിയിട്ടുണ്ട്. |
| 5 | ശ്രീകൃഷ്ണപുരം അങ്കണവാടി കെട്ടിടനിർമ്മാണ പ്രവൃത്തി. | 4235-02-102-96 | 13 L | ICDS/A7-7756/2015 dated 23.06.2015 for Rs. 13 L | സ്ഥലം ലഭ്യമായിട്ടില്ല. |
| 6 | ഗവ. സ്പെഷ്യൽ ടീച്ചർ സെന്റർ ഗവ. വി.എച്ച്.എസ്.എസ്. പുതിയ ക്ലാസ്സ് റൂം നിർമ്മാണ പ്രവൃത്തി ബധിര മൂക കോമ്പൗണ്ട് ഒററപ്പാലം. | 2202-02-109-71-P | 106 L | No. M1/41718/2015 DPI dated 16.02.2016 for Rs. 106 L | ഭരണാനുമതിയിൽ പ്രവൃത്തിയുടെ പേര് മാററി ലഭിക്കുന്നതിന് 10.10.2017 ന് കത്ത് നൽകിയിട്ടുണ്ട്. |
| 7 | ഗവ. ട്രെയിനിംഗ് സെന്റർ, ഗവ. വി.എച്ച്.എസ്.എസ്. ബധിര മൂക കോമ്പൗണ്ട് ഒററപ്പാലം കെട്ടിടനിർമ്മാണ പ്രവൃത്തി. | | 61 L | Chalan No. 6222 dated 30.03.2015 | ഭരണാനുമതിയിൽ പ്രവൃത്തിയുടെ പേര് മാററി ലഭിക്കുന്നതിന് 10.10.2017 ന് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ